പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 544 24.01.2018 ലെ മറുപടിക്ക്

## പരമ്പരാഗത കയർ തൊഴിലാളികളുടെ വരുമാന സ്ഥിരത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക് | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) പരമ്പരാഗത കയർ തൊഴിലാളികളുടെ വരുമാന സ്ഥിരത ഉറപ്പു വരുത്തുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) പരമ്പരാഗത കയർ തൊഴിലാളികളുടെ വരുമാന സ്ഥിരത ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർ തൊഴിലാളികൾക്ക് അംഗീകൃത വേതനം ഉറപ്പാക്കുന്നതിനായി 26,51,83,457/- രൂപ നാളിതുവരെ അനുവദിച്ചു നൽകിയിട്ടുണ്ട്. പരമ്പരാഗത മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും പരിധിയില്ലാതെ കയർഫെഡ്, കയർ കോർപ്പറേഷൻ എന്നിവ മുഖാന്തിരം സംഭരിക്കുന്നുണ്ട്. |
| ബി) ഈ മേഖലയിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) പരമ്പരാഗതമേഖലയിലെ കയറും കയർ ഉൽപ്പന്നങ്ങളും പരിധിയില്ലാതെ സംഭരിക്കുന്നതു വഴി പരമാവധി തൊഴിൽ ഉറപ്പാക്കാനാണ് സർക്കാർ പരിശ്രമിക്കുന്നത്. |
| സി) ഈ സർക്കാർ വന്നതിന് ശേഷം ഈ മേഖലയിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ? | സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 26,51,83,457/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ